പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.831 11.06.2014-ൽ മറുപടിക്ക്**

**ജലനിധി പദ്ധതിയിലെ പമ്പ് സെറ്റുകൾ റിപ്പയർ ചെയ്യുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജലനിധി പദ്ധതി പ്രകാരം നൽകിയ പമ്പ് സെറ്റുകൾ പലതും പ്രവർത്തനരഹിതമായത് സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; | (എ) | ഒന്നാംഘട്ട ജലനിധി പദ്ധതിയിലെ ചില പമ്പ് സെറ്റുകൾ പ്രവർത്തന രഹിതമായത് സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം പമ്പ് സെറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ഭീമമായ തുക ആവശ്യമാണെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. പമ്പിന്റെ ശേഷി, അറ്റകുറ്റ പ്പണിയുടെ സ്വഭാവം എന്നിവ അനുസരിച്ച് റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ തുകയിൽ ഏറ്റക്കുറച്ചി ലുകൾ വരുന്നതാണ്. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്ന തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | നിലവിലുള്ള നിയമാവലി അനു- സരിച്ച് പദ്ധതിയുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതിയുടെ ഉത്തരവാദിത്വമായതി നാൽ അറ്റകുറ്റപ്പണികൾക്ക് വരുന്ന ചെലവ് നിലവിൽ വഹിക്കേണ്ടത് ഗുണഭോക്തൃ സമിതിയാണ്. ഒന്നാം ഘട്ട ജലനിധിയിൽ നടപ്പിലാക്കി യതും എന്നാൽ ഇപ്പോൾ മുടങ്ങി ക്കിടക്കുന്നതുമായ പദ്ധതികളിൽ കേന്ദ്ര ഗവൺ മെന്റിന്റെ NRDWP ഫണ്ടിന്റെ നിബന്ധനയ്ക്കനുസരിച്ച് അർഹതയുള്ള പദ്ധതികൾക്ക് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ